# ശോശാമ്മ ജോർജ്  നിര്യാതയായി

(ഷാജി രാമപുരം)

ഡാലസ്: പുനലൂർ തട്ടാമണ്ണിൽ പരേതനായ ടി.ജെ ജോർജിന്റെ സഹധർമ്മിണി ശോശാമ്മ ജോർജ് (83) മൈസൂറിൽ നിര്യാതയായി.സംസ്കാരം ഫെബ്രുവരി 5 തിങ്കളാഴ്ച രാവിലെ 10 മണിക് മൈസൂർ മാർത്തോമ്മ ഇടവക സെമിത്തേരിയിൽ.

കുണ്ടറ പ്ലാവില വടക്കതിൽ കുടുംബാംഗമായ പരേത ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മ ഇടവാംഗവും, നോർത്ത് അമേരിക്ക - യൂറോപ് ഭദ്രാസന മാർത്തോമ്മ ഫാമിലി കോൺഫ്രറൻസ് 2018 ന്റെ അക്കൗണ്ടന്റും ആയ എബി ജോർജിന്റെ മാതാവാണ്.

ജോൺസൺ ജോർജ് (അഡ്മിനിസ്ട്രഷൻ മാനേജർ, ചാപ്ലയൻസി ഓഫ് ദുബായ് ആൻഡ് ഷാർജ), തോമസ് ജോർജ് (സിവിൽ കോൺട്രാക്ടർ, മൈസൂർ)എന്നിവർ മറ്റ് മക്കളും, വത്സല, ജയ, ഷീബ എന്നിവർ മരുമക്കളും ആണ്.

മാർത്തോമ്മ സഭയുടെ സൗത്ത് വെസ്റ്റ് റീജിയണൽ ആക്ടിവിറ്റി കമ്മറ്റിക്കു വേണ്ടി പ്രസിഡന്റ് ബിഷപ് ഡോ.ഐസക് മാർ ഫിലക്സിനോസ് അനുശോചനം അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ടോം 91-9448293689